അറബിക്കടലിലെ പത്തു പവിഴത്തുരുത്തുകൾ

(എൻ. വി. കൃഷ്ണവാര്യർ)

കഴിഞ്ഞ ഡിസംബർ മാസത്തിൽ നടന്ന മദിരാശി ഗവണ്മെന്റുമായുള്ള സന്ദർശനത്തെത്തുടർന്ന് ലക്ഷദ്വീപുകളുടെ കാര്യത്തിൽ മലബാറിലെങ്കിലും അല്പമെങ്കിലും താൽപര്യം ഉളവായിട്ടുണ്ടെന്നുള്ള കാര്യം ചരിത്രാന്വേഷകമാണ്. അറബിക്കടലിലെ ഈ പത്തു പവിഴത്തുരുത്തുകളെസ്സംബന്ധിച്ചും, അവയിൽ താമസിക്കുന്ന 21512 മനുഷ്യരുടെ വിവിധ പ്രശ്നങ്ങളെസ്സംബന്ധിച്ചും ഇന്ന് നമുക്ക് പലതും അറിയാം. ഈ പ്രശ്നങ്ങൾക്ക് തൃപ്തികരമായ സമാധാനം കണ്ടുപിടിക്കുന്നതിൽ മദിരാശി ഗവണ്മെന്റിനെയും കേന്ദ്രഗവണ്മെന്റിനെയും നിബന്ധിക്കുന്നതിനു കഴിവുള്ള ഒരു ബഹുജനപ്രസ്ഥാനം കേരളത്തിലുണ്ടായിവന്നിട്ടില്ല എന്നതു് വ്യസനകരമത്രേ. ഇത്തരമൊരു പ്രസ്ഥാനം ഇവിടെ വളരുന്നതിനുള്ള പരമപ്രധാനകാരണങ്ങളിൽ താൽപര്യമുള്ള മലയാളികളുടെ മാത്രമല്ല ദേശഭക്തരായ എല്ലാ ഇന്ത്യക്കാരുടേയും എല്ലാ മനുഷ്യസ്നേഹികളുടെ തന്നെയും കടമയാകുന്നു.

പത്തുദ്വീപുകൾ

മിനിക്കോയ്, കല്പേനി, ആന്ത്രോത്ത്, അക്കത്തി, കവരത്തി, അമേനി, കടമത്തു്, കിൽത്തൻ, പെത്തിലത്തു്, ബിത്തിര എന്നീ പത്തു ദ്വീപുകളാണ് ലക്ഷദ്വീപുകളിൽ പ്രധാനമായുള്ളതു്. ഇവയോടൊട്ടാകെ കല്പേനി, തിലക്കം, പെരിയം, സുഹേലി, ബങ്കാരം, തിണ്ണകര, പരളി, വിരിങ്കിലി മുതലായ ഏതാനും ചെറുദ്വീപുകളുണ്ട്. ഇവയിൽ അമേനി, കടമത്തു്, കിൽത്തൻ, പെത്തിലത്തു്, ബിത്തിര എന്നീ ദ്വീപുകൾ കൊഷ്ണി കണ്ണാടകളില്ലായിലാണ് പെട്ടതായിട്ടുള്ളതു്. ഇവയെ പ്രത്യേകമായി "അമിൻദിവി ഐലൻഡ്സ്" എന്നും ഇംഗ്ലീഷിൽ പറഞ്ഞുവരുന്നു. മറ്റു ദ്വീപുകളെല്ലാം മലബാർ ജില്ലയിലാണ്. തിരുവിതാംകൂർ അമേനി മുതലായ ദ്വീപുകളും, മലബാർ ദ്വീപുകളും എല്ലാം മലബാറിലെ ചേവായൂർ ഫക്കയിൽച്ചേർന്നിരിക്കുന്നു. മലബാർ ജില്ലയിൽച്ചേർന്നതും, ഫ്രാൻസും തെക്ക്, കന്യാകുമാരിയുടെതിരെ കിടക്കുന്നതുമായ മിനിക്കോയ് ഒഴികെ ബാക്കി എല്ലാ ദ്വീപുകളിലേയും നിവാസികൾ സുശക്തമാനവും മലയാളികളായ മുസ്ലീങ്ങളാകുന്നു. മിനിക്കോയ്ക്കാർ 'മഹൽ' മോഡൽ സംസാരിക്കുന്നവരത്രേ. ഇവരുടെയെല്ലാം പ്രശ്നങ്ങളും ഒന്നുതന്നെ. അതിനാൽ ഇവയെ രണ്ടു ജില്ലാകലക്ടർമാരുടെ അധികാരത്തിൻ കീഴിൽ രണ്ടുതരം ഭരണയന്ത്രമായിരിക്കുന്നതിനു കീഴിൽ, വേർതിരിച്ചു നിർത്തുന്നതിനു് ന്യായമായ ന്യായവും ഇപ്പോൾ ഇല്ല.

ഭരണം

ലക്ഷദ്വീപുകളുടെ ഭരണം ഇന്നും നടന്നുവരുന്നതു് 1912ലെ ഒന്നാം റെഗുലേഷൻ എന്നറിയപ്പെടുന്ന "ലക്ഷദ്വീപുകളുടേയും മിനിക്കോയിയുടേയും റെഗുലേഷൻ. അനുസരിച്ചാണ്. ഈ റെഗുലേഷനും, മദ്രാസ് സ്റ്റേറ്റ് പ്രിസണേഴ്സ് റെഗുലേഷൻ 1819. സ്റ്റാറ്റ് പ്രിസണേഴ്സ് ആക്ട് 1858. ഫെഡ്രൽഡ് ഡിസ്ട്രിക്ട്സ് ആക്ട് 1874 എന്നീ നിയമങ്ങളും മാത്രമേ ഈ ദ്വീപുകളിലേയ്ക്കു ബാധകമാവൂ എന്നു് മുൻപറഞ്ഞ റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇന്ത്യാഗവൺമെന്റിലെ മറ്റു നിയമങ്ങളൊന്നും അവിടെ വിലപ്പോകയില്ല! ഇന്ത്യൻ ഭരണഘടനയിലെ മൌലികാവകാശങ്ങളൊന്നും അവിടെയില്ല. ഭരണഘടന വ്യക്തമായിതിരായിരുന്നിട്ടും, ഈ റെഗുലേഷനെ ചോദ്യംചെയ്യാൻ ഇതുവരെ ആരും മുതിരാതിരുന്നതു് അത്ഭുതമായിരിക്കുന്നു; ഗവണ്മെന്റുതന്നെ ഈ റെഗുലേഷൻ റദ്ദാക്കാത്തതു പരിതാപകരവും.

ഇന്ത്യയിലെങ്ങുമുള്ള സബ്രാസ സ്വാതന്ത്ര്യം ദ്വീപുകളിൽ ഇല്ല. വൻകരയിൽനിന്നു ദ്വീപുകളിലേയ്ക്കും, തിരിച്ചും സഞ്ചരിയ്ക്കാൻ കരുതരം പാസ്സ്പോർട്ട് ആവശ്യമാണ്; കരയിൽനിന്നു കലക്ടരുടെ; ദ്വീപിൽ നിന്നു ആമീന്റെ. മലബാർജില്ലയിലെ ദ്വീപുകാരെ കാരോന്നിനായും ഭരണം നടത്തുന്നതു് ഗവണ്മെന്റു നിയമിയ്ക്കുന്ന ദ്വീപുകാരനായ കാരോ ആമീനും, ജീവകാലത്തേയ്ക്ക് ഗവണ്മെന്റു നോമിനേറ്റുചെയ്യുന്ന ഇരുപതോളം കാരണവന്മാരും—ഗ്രാസ സ്റ്റർമാർ കൂടിയാണ്. ചെറുകുറ്റങ്ങൾക്ക് പതിനഞ്ചു ദിവസംവരെ തടവും പതിനമ്പുറപ്പികവരെ പിഴയും വിധിയ്ക്കുന്നതും, അതു നടപ്പിൽ വരുത്തുന്നതും ആമീനധികാരമുണ്ട്. ഈ കുറ്റങ്ങളുടെ കൂട്ടത്തിൽ ആമീനെ അനുസരിയ്ക്കായ്കയും പെടും! ഇവിടെ അന്യായക്കാരനും ജഡ്ജിയും ജയിലറും എല്ലാം ഒരാൾതന്നെയായിത്തീരുന്നു. ആമീൻ ശിക്ഷാവിധിച്ചാൽ അപ്പീൽ ചെയ്യേണ്ടതു് കലക്ടരുടെ അടുത്താണ്. വലിയ കുറ്റങ്ങൾ വിചാരണചെയ്തു് ശിക്ഷാവിധിക്കുന്നതു് സാധാരണയായി കലക്ടരോ, അദ്ദേഹം നിയമിയ്ക്കുന്ന മറ്റാരെങ്കിലുമോ ആണ്. ഈ വിധിയിൽ നിന്നു് ഹൈക്കോർട്ടിലേ അപ്പീലുള്ളൂ.

ആമീൻ ഭരണസമ്പ്രദായം എത്രമാത്രമുകാമോ, അത്രയും അധഃപതിച്ചിട്ടുണ്ട്. നിലം അളന്നു് കല്പിട്ടു് അതിന്തി തിരിച്ചിട്ടില്ലാത്തതിനാലും ഏകദേശമായ വസ്തുനിയമങ്ങളില്ലാത്തതിനാലും എല്ലാ ദ്വീപുകളിലുംവസ്തുതർക്കങ്ങൾ ധാരാളമുണ്ട്. ഇതർക്കങ്ങളിൽ പലപ്പോഴും ആമീനും കാരണവന്മാരും പങ്കുപിടിക്കുന്നതായി കാണാം. ആമീൻ–കാരണവന്മാരാധിപത്യം അനുവർത്തിക്കുക വയ്യല്ലൊ. ഉത്തമമായൊരു കലയെ കാഴ്ചവച്ചു മാവിൽ കൊണ്ടുപോയി തല്ലാതെ കാലോചിതമായിപരിഷ്കരിച്ചു് പ്രയോജനകാരിയാക്കാൻ പാടില്ല എന്നൊരാശകൊണ്ടു മാത്രമാണ് ഇതെല്ലാമെക്കെ പറഞ്ഞതു്. നിർദ്ദേശിച്ച പരിഷ്കാരങ്ങളെല്ലാം വന്നതിയാൽ തന്നെയും കഥകളുടെ കലാസത്ത കെട്ടുപോകയില്ലെന്നാണ് എന്റെ വിശ്വാസം.

ലാന്തരത്തിൽ യാഥാസ്ഥിതികാഭിപ്രായത്തിനെ ഉണ്മാക്കാതെകണ്ടാണ് രംഗസജ്ജീകരണം സാധ്യമായതോടെ നാടകങ്ങളുടെ പശ്ചാത്തലവർണ്ണനാപാരമ്പര്യം കൈവെടിയേണ്ടിവന്നു. തന്നിമിത്തം പല നാടകങ്ങളും ചുരുങ്ങിപ്പോയി. കഥാപ്രധാനം തമ്മിലുള്ള ഇടപാടുകൾക്കുള്ള നാടകത്തിൽ പ്രസക്തിയുള്ള എന്നാവുകയും ചെയ്തു. കാപ്പാരകളിലും ഈ പരിഷ്കാരം കൈകൊള്ളപ്പെട്ടിട്ടുണ്ട്.

അറബിക്കടലിലെ പത്തു പവിഴത്തുരുത്തുകൾ

(എൻ. വി. കൃഷ്ണവാര്യർ)

ഡിസിഞ്ഞ ഡിസംബർ മാസത്തിൽ നടന്ന മദിരാശിഗവർണ്ണരുടെ സന്ദർശനത്തെത്തുടർന്ന് ലക്ഷദ്വീപുകളുടെ കാര്യത്തിൽ മലബാറിലെങ്കിലും അല്പമെ ഒരു താൽപര്യം ഉളവായിട്ടുണ്ടെന്ന കാര്യം ചാരിതാർത്ഥ്യജനകമാണ്. അറബിക്കടലിലെ ഈ പത്തു പവിഴത്തുരുത്തുകളെസ്സംബന്ധിച്ചും, അവയിൽ താമസിക്കുന്ന 21512 മനുഷ്യരുടെ വിവിധ പ്രശ്നങ്ങളെസ്സംബന്ധിച്ചും ഇന്ന് നമുക്ക് പലതും അറിയാം. ഈ പ്രശ്നങ്ങൾക്ക് തൃപ്തികരമായ സമാധാനം കണ്ടുപിടിക്കുന്നതിന് മദിരാശി ഗവർമ്മേണ്ടിനേയും കേന്ദ്രഗവർമ്മേണ്ടിനേയും നിബ്ബർന്ധിക്കുന്നതിന്നു കഴിവുള്ള ഒരു ബഹുജനപ്രസ്ഥാനം കേരളത്തിലുണ്ടായിവന്നിട്ടില്ല എന്നതു് വ്യസനകരമത്രേ. ഇത്തരമൊരു പ്രസ്ഥാനം ഇവിടെ വളത്തിക്കൊണ്ടുവരേണ്ടതു് ദ്വീപ്കാര്യങ്ങളിൽ താൽപര്യമുള്ള മലയാളികളുടെ മാത്രമല്ല ദേശഭക്തരായ എല്ലാ ഇന്ത്യക്കാരുടേയും എല്ലാ മനുഷ്യസ്നേഹികളുടെ തന്നെയും കടമയാകുന്നു.

പത്തുദ്വീപുകൾ

മിനിക്കോയ്, കല്പേനി, അന്ത്രോത്തു്, ആക്കത്തി, കവറത്തി, അമ്മേനി, കടുമത്തു്, കിളുത്തൽ, ചെത്തിലത്തു്, ബിത്തിര എന്നീ പത്തു ദ്വീപുകളാണ് ലക്ഷദ്വീപുകളിൽ പ്രധാനമായുള്ളതു്. ഇവയോടുതൊട്ട് കല്പത്തി, തിലക്കം, ചെറിയം, സുഹേലി, ബങ്ങാരം, തിണ്ണകര, പരളി, വിരിങ്ങിലി മുതലായ ഏതാനും തുരുത്തുകളുമുണ്ടു്. ഇവയിൽ അമ്മേനി, കടുമത്തു്, കിളുത്തൻ, ചെത്തിലത്തു്, ബിത്തിര എന്നീ ദ്വീപുകൾ ദക്ഷിണ കണ്ണാടകജില്ലയിലാണ് പെടുത്തിയിട്ടുള്ളതു്. ഇവയെ പ്രത്യേകമായി "അമീൻദിവി ഐലൻഡ്സ്" എന്നു് ഇംഗ്ലീഷിൽ പറഞ്ഞവരുന്നു. മററു ദ്വീപുകളെല്ലാം മലബാർ ജില്ലയിലാണ്. തിരഞ്ഞെടുപ്പാവശ്യത്തിന്നു് അമ്മേനി മുതലായ ദ്വീപുകളും, മലബാർ ദ്വീപുകളും എല്ലാം മലബാറിലെ ചേവായൂർ ഫർക്കയിൽച്ചേർത്തിരിക്കുന്നു. മലബാർ ജില്ലയിൽച്ചേർന്നതും, ഏററവും തെക്ക്, കന്യാകുമാരിയ്ക്കെതിരെ കിടക്കുന്നതുമായ മിനിക്കോയ് ഒഴികെ ബാക്കി എല്ലാ ദ്വീപുകളിലേയും നിവാസികൾ നൂറു ശതമാനവും മലയാളികളായ മുസ്ലീംങ്ങളാകുന്നു. മിനിക്കോയ്ക്കാർ 'മഹൽ' ഭാഷ സംസാരിക്കുന്നവരത്രെ. ഇവരുടെയെല്ലാം പ്രശ്നങ്ങളും ഒന്നുതന്നെ. അതിനാൽ ഇവയെ രണ്ടു ജില്ലാകലക്ടർമാരുടെ അധികാരത്തിൻ കീഴിൽ രണ്ടുതരം ഭരണസമ്പ്രദായങ്ങൾക്കു കീഴിൽ, വേർതിരിച്ചു നിർത്തുന്നതിന്നു് യാതൊരു ന്യായവും ഇപ്പോൾ ഇല്ല.

ഭരണം

ലക്ഷദ്വീപുകളുടെ ഭരണം ഇന്നും നടന്നുവരുന്നതു് 1912ലെ ഒന്നാം റെഗുലേഷൻ എന്നറിയപ്പെടുന്ന "ലക്ഷദ്വീപുകളുടേയും മിനിക്കോയിയുടേയും റെഗുലേഷൻ. അനുസരിച്ചാണ്. ഈ റെഗുലേഷനും, മദ്രാസ് സ്റ്റെയ്ററ് പ്രിസണേഴ്സ് റെഗുലേഷൻ 1819. സ്റ്റേററ് പ്രിസണേഴ്സ് ആക്ട് 1858. ഷെഡ്യൂൾഡ് ഡിസ്ട്രിക്ട്സ് ആക്ട് 1874 എന്നീ നിയമങ്ങളും മാത്രമേ ഈ ദ്വീപുകളിലേയ്ക്കു ബാധകമാവൂ എന്നു് മുൻപറഞ്ഞ റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇന്ത്യാവൻകരയിലെ മററു നിയമങ്ങളൊന്നും അവിടെ വിലപ്പോകയില്ല! ഇന്ത്യൻ ഭരണഘടനയിലെ മൌലികാവകാശങ്ങളൊന്നും അവിടെയില്ല. ഭരണഘടന വ്യക്തമായി എതിരായിരുന്നിട്ടും, ഈ റെഗുലേഷനെ ചോദ്യംചെയ്യാൻ ഇതുവരെ ആരും മുതിരാതിരുന്നതു് അത്ഭുതമായിരിക്കുന്നു; ഗവർമ്മേണ്ടുതന്നെ ഈ റഗുലേഷൻ റദ്ദാക്കാത്തതു പരിതാപകരവും.

ഇന്ത്യയിലെങ്ങുമുള്ള സഞ്ചാരസ്വാതന്ത്ര്യം ദ്വീപുകളിൽ ഇല്ല. വൻകരയിൽനിന്നു ദ്വീപുകളിലേയ്ക്കും, തിരിച്ചും സഞ്ചരിക്കാൻ ഒരുതരം പാസ്സ്പോർട്ട് ആവശ്യമാണ്; കരയിൽനിന്നു കലക്ടരുടെ; ദ്വീപിൽനിന്നു ആമീന്റെ. മലബാർജില്ലയിലെ ദ്വീപുകൾ ഓരോന്നിന്റേയും ഭരണം നടത്തുന്നതു് ഗവർമ്മേണ്ടു നിയമിക്കുന്ന ദ്വീപുകാരനായ ഓരോ ആമീനും, ജീവകാലത്തേയ്ക്കു് ഗവർമ്മേണ്ടു നോമിനേററുചെയ്യുന്ന ഇരുപതോളം കാരണവന്മാരും—അസസ്സർമാർ കൂടിയാണ്. ചെറു കുററങ്ങൾക്ക് പതിനഞ്ചു ദിവസംവരെ തടവും പതിനഞ്ചുറപ്പികവരെ പിഴയും വിധിക്കാനും, അതു നടപ്പിൽ വരുത്താനും ആമീന്നധികാരമുണ്ടു്. ഈ കുററങ്ങളുടെ കൂട്ടത്തിൽ ആമീനെ അനുസരിക്കായ്കയും പെടും! ഇവിടെ അന്യായക്കാരനും ജഡ്ജിയും ജയിലറും എല്ലാം ഒരാൾതന്നെയായിത്തീരുന്നു. ആമീൻ ശിക്ഷ വിധിച്ചാൽ അപ്പീൽ ചോകേണ്ടതു് കലക്ടരുടെ അടുത്താണ്. വലിയ കുററങ്ങൾ വിചാരണചെയ്തു് ശിക്ഷവിധിക്കുന്നതു് സാധാരണയായി കലക്ടരോ, അദ്ദേഹം നിയമിക്കുന്ന മററാരെങ്കിലുമോ ആണ്. ഈ വിധിയിൽനിന്നു് ഹൈക്കോർട്ടിലേ ആപ്പീലുള്ളു.

ആമീൻ ഭരണസമ്പ്രദായം എത്രമാത്രമുകാമോ, അത്രയും അധഃപതിച്ചിട്ടുണ്ടു്. നിലം അളന്നു് കല്പിട്ടു് അതിത്തി തിരിച്ചിട്ടില്ലാത്തതിനാലും ഏകരൂപമായ വസ്തുനിയമങ്ങളില്ലാത്തതിനാലും എല്ലാ ദ്വീപുകളിലും വസ്തുത്തർക്കങ്ങൾ വളരെയുണ്ടു് ഈ തർക്കങ്ങളിൽ പലപ്പോഴും ആമീനും കാരണവന്മാരും പങ്കുപിടിക്കുന്നതായി കാണാം. ആമീൻ—കാരണവസ്ഥാ

ലാന്തരത്തിൽ യാഥാർത്ഥ്യപ്രതീതി കാഴ്ചയിൽത്തന്നെ ഉണ്ടാക്കത്തക്കവണ്ണം രംഗസജ്ജീകരണം സാധ്യമായതോടെ നാടകങ്ങളുടെ പശ്ചാത്തലവർണ്ണനാപാരമ്പര്യം കൈവെടിയേണ്ടിവന്നു. തന്നിമിത്തം പല നാടകങ്ങളും ചുരുങ്ങിപ്പോയി. കഥാപാത്രങ്ങൾ തമ്മിലുള്ള ഇടപാടുകൾക്കേ നാടകത്തിൽ പ്രസക്തിയുള്ളു എന്നാവുകയും ചെയ്തു. ഓപ്പറകളിലും ഈ പരിഷ്കാരം കൈകൊള്ളപ്പെട്ടിട്ടുണ്ടു്. ഓരോ രംഗവും അതാതു കാലത്തെയും ദേശത്തെയും അനുസ്മരിപ്പിക്കത്തക്കവിധം സജ്ജീകരിച്ചാവിഷ്കരിക്കുവാൻ യൂറോപ്പിലെ നാടകശാലാധികൃതന്മാർ ശ്രുഷ്കാന്തിപ്പെടുന്നുണ്ടു്. പാശ്ചാത്തലം മുഴുവൻ യഥാർത്ഥമായി ഒരുക്കുന്നതുകൊണ്ടു ഓപ്പറയ്ക്കു യാതൊരോപ്പക്കേടും വരുന്നില്ല. പാരമ്പര്യത്തിലുറച്ചുനില്ക്കുന്ന പ്രേക്ഷകർ പോലും അതിൽ രസിക്കുന്നതേയുള്ളു. എന്തുകൊണ്ടു് ആ പരിഷ്കാരവും കഥകളിക്കംഗീകരിച്ചുകൂടാ? അത്രയുമായാൽ ഒരു കളിക്കുവേണ്ടി വരുന്ന കാലാവധിയെ സൌകര്യത്തിന്റെ പരിധിയിൽ ഒതുക്കിനിർത്താൻ കഴിയും.

മേല്പറഞ്ഞ രീതിയിൽ പരിഷ്കരിക്കുക എന്നുവെച്ചാൽ കഥകളിയെ ആധുനിക കാലത്തിലേയ്ക്കും യാഥാർത്ഥ്യത്തിലേയ്ക്കും അടുപ്പിക്കുക എന്നേ അർത്ഥമുള്ളു. മല ഇങ്ങോട്ടു വരില്ലെങ്കിൽ അങ്ങോട്ടു ചെല്ലുക എന്ന നയം സംസ്കാരത്തെസ്സംബന്ധിച്ചേടത്തോളം അനുവർത്തിക്കുക വയ്യല്ലോ. ഉത്തമമായൊരു കലയെ കാഴ്ചബങ്കളാവിൽ കൊണ്ടുപോയി തള്ളാതെ കാലോചിതമായി പരിഷ്കരിച്ചു് പ്രയോജനകാരിയാക്കാൻ പാടില്ലെ എന്നൊരാശകൊണ്ടു മാത്രമാണ് ഇത്രയൊക്കെ പറഞ്ഞതു്. നിർദ്ദേശിച്ച പരിഷ്കാരങ്ങളെല്ലാം വരുത്തിയാൽ തന്നെയും കഥകളിയുടെ കലാസത്ത കെട്ടുപോകയില്ലെന്നാണ് എന്റെ വിശ്വാസം.

അന്ത്രോത്ത് ദ്വീപിലെ പരിചകളി:
പക്ഷെ കലാരസികന്മാരായ ദ്വീപുനിവാസികളിന്ന് വളർച്ചമുട്ടിക്കിടക്കുകയാണ്.

പക്ഷേ, ഇതിന്നെല്ലാം ഗവൺമെണ്ടു തന്നെ മുൻകയ്യെടുക്കേണ്ടിവരും.

വിദ്യാഭ്യാസവും ആരോഗ്യവും

മിക്ക ദ്വീപുകളിലും ഇന്നുള്ളത് രണ്ടദ്ധ്യാപകർവീതമുള്ള ഓരോ എലിമെണ്ടറി സ്കൂളുകളാണ്. ഈ സ്കൂളുകളുടെ കെട്ടിടത്തിന്റെയും മററും സ്ഥിതി ശോചനീയമത്രേ. സ്കൂളുകൾ നന്നാക്കുകയും, വിദ്യാഭ്യാസം നിർബ്ബന്ധിതമാക്കുകയും ചെയ്യണം. വിദ്യാഭ്യാസകാര്യത്തിൽ ഏററവും പിന്നണിയിലുള്ളത് മിനിക്കോയ് ആണ്. ഇവിടുത്തെ ഗവൺമെണ്ടു സ്കൂളിൽ ഒരദ്ധ്യാപകൻപോലുമില്ല. ആമിന്റെ ഗുമസ്തൻ ഒഴിവുസമയത്ത് അദ്ധ്യാപകപ്പണി നോക്കുകയാണിപ്പോൾ. ഈനില മാറണം, ഇതോടൊപ്പം ദ്വീപുകാരായ വിദ്യാർത്ഥികൾക്ക് കോഴിക്കോട്ട് ഒരു ഹോസ്റ്റലുമുണ്ടാക്കണം, ദ്വീപുകളിൽ വായനശാലകൾ, റേഡിയോ മുതലായവയും ഏർപ്പെടുത്തേണ്ടതാണ്. ഇന്ന് രണ്ടു ദ്വീപുകളിലേ പൊതു റേഡിയോസെററുള്ളു. നല്ല വായനശാല ഒന്നിലുമില്ല. ദ്വീപുകളിലെ ആരോഗ്യസ്ഥിതിതന്നെ മോശമാണ്. കരയ്ക്കടുത്തുള്ളതും, മിനിക്കോയ് കഴിഞ്ഞാലേററവും വലുതുമായ ആന്ത്രോത്തിൽ പത്തിലൊരാൾ കുഷ്ഠരോഗിയും, പത്തിലഞ്ചുപേർ മന്ത് മുതലായ രോഗങ്ങളുള്ളവരും, പത്തിൽ രണ്ടുപേർ ട്രക്കോമഎന്ന നേത്രരോഗമുള്ളവരുമത്രേ. ആക്കത്തി ദ്വീപിൽ രക്താതിസാരം ഒരു സ്ഥിരംവ്യാധിയായിരിക്കുന്നു. അവിടെ ഒരൊററ ഡോക്ടരോ കമ്പൌണ്ടരോ നാട്ടുവൈദ്യൻപോലുമോ ഇല്ല. ആകെ പത്തു ദ്വീപുകളുള്ളതിൽ നാലെണ്ണത്തിലെ ഡോക്ടർമാരുള്ളു. ഇവരിൽ, ആന്ത്രോത്തിലെ ഡോക്ടർ ശ്രീ. വി. ജി. നായനാർ വളരെ ജനസമ്മതനാണ്. ഇദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമഫലമായി അവിടെയൊരു കുഷ്ഠരോഗക്കോളനി ഉയർന്നുവന്നിട്ടുണ്ട്, എന്നാലും കൊല്ലത്തിൽ അഞ്ഞൂററുപ്പികയുടെ മരുന്നേ ഇപ്പോൾ ആന്ത്രോത്തിൽ ഗവൺമെണ്ടിൽനിന്ന് ആകെ ലഭിക്കുന്നുള്ളു. ഡിസ്പൻസറികളുള്ള മററു മൂന്നു ദ്വീപുകളിലും സ്ഥിതി ഏതാണ്ടിതു തന്നെ. അടിയന്തിരമായി സമാധാനംകാണേണ്ട പ്രശ്നം ഇതത്രേ. കുഷ്ഠരോഗം, ഫൈംലരിയ മുതലായവയുടെ നിവാരണത്തിന്ന് സംഘടിതമായ എന്തെങ്കിലും പരിശ്രമം ഉടനെ ആരംഭിക്കാത്തപക്ഷം ഈ ദ്വീപുകൾ അചിരേണ രോഗക്കോളനികളായി മാറുന്നതാണ്.

മനസ്ഥിതിമാറണം

ദ്വീപുകാർ തങ്ങളുടെ ജീവിതത്തിൽ തികച്ചും സംതൃപ്തരാണെന്ന് ഇത്തവണത്തെ ഇൻസ്പെക്ടിങ്ങ് ആഫീസർ ശ്രീ. രാജാറാം പറയുകയുണ്ടായി. ഈ തൃപ്തി ആരോഗ്യത്തിന്റെതല്ല, രോഗത്തിന്റേതാണ്. പൊതുവിൽ ദ്വീപുകാർ സരളശീലരും സത്യസന്ധരുമാണ്. നല്ല അച്ചടക്കബോധം അവർക്കുണ്ട്. എന്നാൽ മടി അവരുടെ കൂടപ്പിറപ്പാണ്, മിക്ക ജോലികളും സ്ത്രീകളാണ് ചെയ്തുതീർക്കുന്നത്. ദ്വീപിലെ സ്ത്രീകളുടെ ജീവിതം ഒരു ദുഃഖകാവ്യം തന്നെയാണ്. ശതാബ്ദങ്ങളായുള്ള ഒററപ്പെടൽ നിമിത്തം ദ്വീപ് വാസികളുടെ ജീവിതവീക്ഷണത്തിൽ തന്നെ ഒരുതരം വിളർപ്പും രക്തശൂന്യതയും ഉദ്ഭവായിട്ടുണ്ട്. ഇതുമാററുവാൻ അവരുടെ ഇടയിൽ നിസ്വാർത്ഥരും ത്യാഗികളുമായ ഏതാനും സാമൂഹ്യസേവകർ കുറെനാൾ ചെന്ന് പണിയെടുക്കുകതന്നെ വേണം. വിദ്യാഭ്യാസത്തിന്റെയും ആധുനിക പരിഷ്കാരത്തിന്റെയും മെച്ചങ്ങൾ കിട്ടിത്തുടങ്ങുന്നതോടെ ദ്വീപ് വാസികളുടെ മാനസികമായ മാന്ദ്യവും ആലസ്യവും നീങ്ങാതിരിക്കയില്ല, ദ്വീപുകൾ എല്ലാം ഒരു കമ്മ്യൂണിററി പ്രോജക്ടിൽ ഉൾപ്പെടുത്തുന്നത് അവയുടെ പുരോഗതിയെ ത്വരിപ്പിക്കും.

ജനവർദ്ധന, ദ്വീപുകളിലെ ഗൌരവമുള്ളൊരു പ്രശ്നമാണ്. ഇപ്പോൾത്തന്നെ ഭൂമിതാങ്ങാവുന്നതിലേറെയാളുകൾ അവിടെയുണ്ട്. ആരോഗ്യനില ഭേദപ്പെടുകയും, ശിശുമരണങ്ങളും സാംക്രമികരോഗങ്ങൾ മൂലമുള്ള മരണങ്ങളും കുറയുകയും ചെയ്യുന്നതോടെ ജനസംഖ്യ ദ്വീപുകളിലെ ഏററവും വലിയ പ്രശ്നമായിത്തീരും. ബാല്യവിവാഹവും ബഹുഭാര്യാത്വവും ഈ പ്രശ്നത്തെ കൂടുതൽ ഉഗ്രമാക്കുകയും ചെയ്യും. ശാസ്ത്രീയമായ കുടുംബാസൂത്രണപദ്ധതികൾ ദ്വീപുകളിൽ നടപ്പാക്കുവാൻ തീരെ വൈകിച്ചുകൂട. അവ നടപ്പാക്കാത്തപക്ഷം, കൊല്ലംതോറും ദ്വീപുകളിൽ നിന്ന് ഏതാനുംപേരെയെങ്കിലും ഒഴിച്ചുകൊണ്ടുപോകാൻ ഏർപ്പാടുചെയ്യേണ്ടതായിവരും. സ്ത്രീകളുടെ ഇപ്പോഴത്തെ ദുർവ്വഹമായ ജീവിതഖേദങ്ങൾക്കുകൂടി കുടുംബാസൂത്രണം ഒരു പരിഹാരമായിരിക്കും അതുമാത്രമേ പരിഹാരമാവൂ.

ദ്വീപുകളിൽ എല്ലാം "ഹരിശ്രീ" തൊട്ടു തുടങ്ങേണ്ടതായിട്ടാണിരിക്കുന്നത്. എല്ലാററിന്റെയും അടിസ്ഥാനം സ്ഥിരമായൊരു കപ്പൽസ്സർവ്വീസാണ് അതെത്രവേഗം വരുന്നോ അത്രയും നന്ന്. അതോടൊപ്പം, കരയിലുള്ളവർ ദ്വീപുകാരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും വേണം. കോഴിക്കോട്ട് അടുത്തകാലത്ത് രൂപവൽക്കരിക്കപ്പെട്ട വെൽഫെയർ കമ്മിററി ഇതുസംബന്ധിച്ചു ചിലതെല്ലാം ചെയ്തുവരുന്നുണ്ട്. നൂററാണ്ടുകളായി അവഗണിക്കപ്പെട്ട് നിർദ്ദയം ചൂഷണം ചെയ്യപ്പെട്ടുവരുന്ന ഈ സഹോദരന്മാരോടുള്ള നമ്മുടെ കടമ നാം മറന്നുകൂട.

സമീപിക്കുക!

കൊച്ചിൻ ആയുർവ്വേദിക്ക് ലാബറട്ടറീസ്സുകാരാൽ ആയുർവ്വേദവിധിപ്രകാരം ശാസ്ത്രീയമായ രീതിയിൽ വിദഗ്ദ്ധ മേൽനോട്ടത്തിൽ തയ്യാർ ചെയ്യപ്പെട്ട എല്ലാവിധ ആയുർവ്വേദ ഔഷധങ്ങൾക്കും ഞങ്ങളെ സമീപിക്കുക. ഞങ്ങളുടെ

"പുഷ്പാ" **PUSHPA**

സ്ത്രീകളുടെ ഗർഭാശയസംബന്ധമായ എല്ലാ രോഗങ്ങളും ഉടനടി ശമിപ്പിച്ച് സ്ത്രീത്വത്തെ നിലനിർത്തും.

പ്രസവാനന്തരം ആരോഗ്യമില്ലാതെ, മുലപ്പാലില്ലാതെ കഷ്ടപ്പെടുന്ന സ്ത്രീകൾക്ക് ഞങ്ങളുടെ

"കാൽഫറീൻ" **KALFERRIN**

ഒരു അനുഗ്രഹമായിരിക്കും.

"ഭ്രാന്ത്, അപസ്മാരം, കൈവിഷം" മററു മാനസിക രോഗങ്ങൾ ഇവകൾക്ക് പ്രത്യേക ചികിൽസ.

സമീപിക്കുക:

"പ്രഭാത് വൈദ്യശാല" കരിവെള്ളൂർ.

Sub Agents for:—

The Cochin Ayurvedic Laboratories, Trichur.